

In the Name of Allah, The Most Gracious, The Most Merciful

**Hazrat Amir'ul Momeneen Muhyi-ud-Din**
**Munir Ahmad Azim (ATBA)**

# DISCOURSE

## 23 MARCH 2013

## THE ELIXIR OF TRUTH IN DIVINE PROPHECIES
## ദൈവീക പ്രവചനങ്ങളിലെ സത്യത്തിന്റെ ജീവാമൃതം/കാതൽ

1889 മാർച്ച് 23 ആത്മീയതയിലൂന്നിയ ഇസ്ലാമിന്റെ ആധുനിക ചരിത്രത്തിലെ സുപ്രധാനമായ ഒരു ഏടാണ്. അന്നേ ദിവസമാണ്, വാഗ്ദത്ത മസീഹ് ഖാദിയാനിൽ നിന്നുള്ള ഹസ്രത്ത് മിർസാഗുലാം അഹ്മദ് (അ) ജമാഅത്ത് അഹ്മദിയ്യാ രൂപീകരിച്ചത്. അദ്ദേഹം അന്ന് ബൈഅത്ത് പ്രോഗാമിന് തുടക്കം കുറിച്ചു. ഇത് മുഖേന ദൈവീക കല്പനയാൽ നിയോഗിതനായ ദൂതനിൽ വിശ്വാസം രേഖപ്പെടുത്തുന്നതിന് ഭക്തരായ മുസ്ലിംകൾക്ക് സാധിക്കുന്നു. ഈ ദിനത്തിന്റെ സ്മരണയ്ക്കായി 2013 മാർച്ച് 23 ശനിയാഴ്ച സംഘടിപ്പിച്ച പ്രത്യേക യോഗത്തിൽ, നമ്മുടെ കാലഘട്ടത്തിലെ തെരെഞ്ഞെടുക്കപ്പെട്ട ദൂതനായ ഖലീഫത്തുല്ലാഹ് ഹസ്രത് മുനീർ അഹ്മദ് അസീം (അ) (മൗറിഷ്യസ്) ദൈവീക ദൂതന്മാർ/മസീഹ്മാർ/മഹ്ദിമാർ-രുടെ ആഗമനത്തിന് ഉപോൽബലമാകുന്ന അടിത്തറയിടുന്ന-വിശുദ്ധമായ പ്രവചനങ്ങളെ സംബന്ധിച്ച് സുദീർഘമായി സംസാരിക്കുകയുണ്ടായി. പ്രസ്തുത പ്രസംഗത്തിലൂടെ, ഇസ്ലാംമതത്തിലെയും, ക്രിസ്തുമതത്തിലേയും ഭക്തരായ എഴുത്തുകാരുടെയും, മറ്റു മതങ്ങളിലെ വിശുദ്ധരായ സിദ്ധൻമാരുടെയും, മുനിമാരുടെയും അമൂല്യങ്ങളായ ഗ്രന്ഥങ്ങളിൽ മുൻകൂട്ടി പറഞ്ഞുവച്ചിരിക്കുന്ന ദൈവീക പ്രവചനങ്ങളുടെ അന്തസാരം, മനോഹരമായ രീതിയിൽ അനുവാചകരുടെ ഹൃദയങ്ങളിലെത്തിക്കുന്നതിന് അദ്ദേഹത്തിന് സാധിച്ചു. വാഗ്ദത്തമസീഹിന്റെ കാലഘട്ടത്തിൽ ഈ ദൈവീക പ്രവചനങ്ങൾ പൂർത്തീകരിക്കപ്പെട്ടത് എങ്ങനെയെന്ന് വിശദമാക്കുന്ന ഈ പ്രസംഗം സമകാലീനസമൂഹത്തിൽ ഈ പ്രവചനങ്ങളുടെ പ്രസക്തിയെ എടുത്തുകാ

ട്ടുകയും ചെയ്യുന്നു. വാഗ്ദത്തമസീഹിന്റെ ഗ്രന്ഥങ്ങളിലൂടെയും, ഈ പ്രസംഗത്തിൽ പ്രതിപാദിച്ചിരിക്കുന്ന വസ്തുതകളിലൂടെയും വെളി വാകുന്ന ദൈവീക വെളിപാടുകളുടെ തുടർച്ചയും, ഭാവിയിലെ ദൈവീക ദൂതന്മാരുടെ ആഗമനവും,(വെളിപാടുകളിറങ്ങുന്ന ദൂതന്മാർ) സംബന്ധിച്ച ആത്മീയമായ കാഴ്ചപ്പാട്, ഭക്തരായ അഹ്മദികൾക്ക് പ്രത്യേക താത്പര്യം ഉണർത്തുന്ന ഒന്നാണ് എന്നത് നിസ്തർക്കം പറ യാവുന്ന വസ്തുതയാണ്.

## പ്രസംഗ സംക്ഷിപ്തം

ഇന്ത്യയിലെ പഞ്ചാബ് പ്രവിശ്യയിൽപ്പെട്ട അധികമാരും അറിയ പ്പെടാതിരുന്ന ഒരു കുഗ്രാമമായ ഖാദിയാനിൽ മഹനീയമായ ഒരു സംഭവം നടന്നിട്ട് 124 വർഷം പൂർത്തിയാവുകയാണ്, 2013 മാർച്ച് മാസം 23-ാം തീയതിയായ ഇന്ന്. ചരിത്രത്തിന്റെ ഗതി മാറ്റിയ ഒന്നായിരുന്നു ഈ സംഭവം.

ഇസ്ലാമികാധ്യാപനങ്ങളിൽ ആയിരം വർഷക്കാലയളവിനുള്ളിൽ ഇസ്ലാമിന് അസാധാരണമായ അധഃപതനം ഉണ്ടാകുമെന്ന് ഖുർആൻ പ്രവചിക്കുന്നു.

അവൻ ആകാശത്തിൽ നിന്ന് ഭൂമിയിലേക്ക് തന്റെ കല്പനകൾ നിയന്ത്രിച്ച് അയക്കുന്നു. പിന്നീട് അത് (കല്പനകൾ) ഒരു നിശ്ചിത കാലയളവിൽ അവന്റെയടുക്കലേക്ക് കയറിപ്പോകുന്നു. നിങ്ങൾ എണ്ണി ത്തിട്ടപ്പെടുത്തുന്നതുസരിച്ച് അതിന്റെ (ആ കാലഘട്ടത്തിന്റെ) ദൈർഘ്യം ആയിരം കൊല്ലമാണ് (അസ്സജദ 32:6)

തന്റെ ആഗമനം കഴിഞ്ഞ് മുന്നൂറ് വർഷംവരെ മേൽപറഞ്ഞ അധഃ പതനം ആരംഭിക്കുകയില്ല എന്ന് മുഹമ്മദ് നബി(സ) പ്രവചിച്ചിരിക്കു ന്നു. അവയിൽ ഏറ്റവും ആർജ്ജമേറിയ കാലഘട്ടം ഞാൻ ഉള്ള ഈ കാലഘട്ടമാണ്. തുടർന്നു വരുന്ന രണ്ട്, മൂന്ന് നൂറ്റാണ്ടുകൾ മെച്ചമാ യിരിക്കും. തുടർന്നുവരുന്ന കാലത്ത് അസത്യം പെരുകും, സത്യം അപ്ര ത്യക്ഷമാവും, ക്രൂരതയും, ധൂർത്തും, ഭിന്നതയും, ശാഖകളായി പിരി യലും വർദ്ധിക്കും. (മിഷ്കാത്ത്, ബുഖാരി, തിർമിദി)

അതായത് തിരുനബി(സ)യ്ക്ക് ശേഷം 1300 വർഷങ്ങൾ കഴിയു മ്പോൾ നാസ്തികത അതിന്റെ പാരമ്യതയിലെത്തും. കുറച്ചുകൂടി കൃത്യ

മായി പറഞ്ഞാൽ ഇസ്ലാമിക കലണ്ടറിന് തുടക്കം കുറിച്ച ഹിജ്റ കഴിഞ്ഞ് 1300 വർഷങ്ങൾ കഴിയുമ്പോൾ, ആയിരം വർഷക്കാലയളവിനുള്ളിലെ ഇസ്ലാമികാധഃപതനം സംഭവിച്ചുകഴിയുന്നതിനാൽ ഈ കാലയളവ് വാഗ്ദത്ത മസീഹിന്റെ ആഗമനത്തോടു കൂടിയ ഇസ്ലാമിന്റെ വാഗ്ദത്ത നവോത്ഥാനത്തിന് തുടക്കം കുറിയ്ക്കുകയും ചെയ്യുന്നു.

അല്ലയോ, പ്രിയരെ, ഒന്നു ശ്രദ്ധിയ്ക്കൂ! വാഗ്ദത്തമസീഹ് ഹസ്രത്ത് അഹ്മദ് (അ) തന്റെ കാലഘട്ടത്തിലെ ജനതയ്ക്ക് മുന്നറിയിപ്പ് നൽകിയതുപോലെ, ഞാനും നിങ്ങളോട് മുന്നറിയിപ്പായി പറയുകയാണ്. ആകാശങ്ങളും ഭൂമിയും സൃഷ്ടിച്ച അല്ലാഹു, അവന്റെ ഈ സമുദായത്തെ, (ജമാഅത്തുസ്സഹീഹിൽ ഇസ്ലാം) ലോകമെമ്പാടും വ്യാപിപ്പിയ്ക്കുമെന്നും, ന്യായത്തിന്റെയും, യുക്തിയുടെയും ബലത്തിൽ അതിന് മറ്റുള്ളവയ്ക്ക് മേൽ ആധിപത്യം നല്കുമെന്നും എനിയ്ക്ക് വെളിപ്പെടുത്തി തന്നിരിക്കുന്നു.

ഒരേയൊരു മതം ഇസ്ലാം മാത്രമാകുന്ന ദിനങ്ങൾ അടുത്തിരിക്കുന്നു. അതിനെ ആദരിയ്ക്കപ്പെടും അല്ലാഹു അവന്റെ അളവറ്റ അസാധാരണമായ അനുഗ്രഹം ഈ മതത്തിനും, ഈ ജമാഅത്തിനും വർഷിയ്ക്കും. ഇതിനെതിരിൽ നില്ക്കുന്ന എല്ലാറ്റിനേയും അവൻ ഇല്ലാതാക്കും. ഈ അധീശത്വം കണക്കെടുപ്പുനാൾ (വിധിനാൾ) വരെ നിലനില്ക്കുകയും ചെയ്യും.

സ്വർഗ്ഗത്തിൽ നിന്നും ആരും ഇറങ്ങിവരില്ല എന്ന വസ്തുത ഓർത്തുകൊള്ളുക. ഇപ്പോൾ ജീവിച്ചിരിക്കുന്ന നമ്മുടെ എതിരാളികൾ എല്ലാവരും മരിയ്ക്കും.

മറിയമിന്റെ പുത്രനായ യേശു സ്വർഗ്ഗത്തിൽ നിന്നിറങ്ങിവരുന്നത് ആരും കാണുകയില്ല. അവരുടെ അടുത്ത തലമുറയും ഇതുപോലെ അപ്രത്യക്ഷമാവും. അവരും എത്രതന്നെ അക്ഷരാർത്ഥത്തിൽ ഇക്കാര്യം വിശ്വസിച്ചാലും അവരും യേശു ഇറങ്ങിവരുന്നത് കാണുകയേയില്ല. പിന്നീട്, അവരുടെ അടുത്ത തലമുറയും ഇതുപോലെ പൂർണ്ണമായി വിശ്വസിയ്ക്കുമെങ്കിലും അവരും അപ്രത്യക്ഷമാവും, അവരും സ്വർഗ്ഗത്തിൽ നിന്നും മറിയമിന്റെ മകൻ യേശു ഇറങ്ങിവരുന്നത് കാണില്ല. അപ്പോൾ അല്ലാഹു അവരെ പരിഭ്രാന്തരും ദുഃഖിതരും ആക്കും.

അവരുടെ കണക്കുക്കൂട്ടലുകളെല്ലാം വ്യർഥമാകും. പ്രവചനം പൂർത്തീകരിക്കേണ്ട സമയം അതിക്രമിച്ചിട്ടും എന്താണത് സംഭവിക്കാത്തത് എന്നവർ അത്ഭുതപ്പെടും. അപ്പോൾ അവർക്ക് മുഹമ്മദ് നബി(സ) യുടെ തിരുസുന്നത്തിൽപ്പെട്ട പ്രവചനങ്ങളുടെ, അക്ഷരംപ്രതി വ്യാഖ്യാനങ്ങളിലുള്ള വിശ്വാസം നഷ്ടപ്പെടും.

കുരിശിന്റെ ആധിപത്യകാലം അവസാനിക്കും. ലോകം പ്രധാനപ്പെട്ട വലിയ ചില മാറ്റങ്ങൾക്ക് സാക്ഷ്യം വഹിച്ചുകഴിഞ്ഞു. എന്നിട്ടും ആകാശത്തുനിന്നും മറിയമിന്റെ (മേരിയുടെ) പുത്രൻ യേശു ഇറങ്ങി വന്നില്ല. ബുദ്ധിയുള്ള ആളുകൾ ഈ വിശ്വാസത്തെ തിരസ്കരിക്കും. മുസ്ലിംകളും, ക്രിസ്ത്യാനികളും ഇക്കാര്യത്തിൽ നിരാശയിലകപ്പെട്ട് അക്ഷരം പ്രതി വ്യാഖ്യാനങ്ങളെ തിരസ്കരിയ്ക്കും. ഒരേയൊരു മതവും അതിനൊരേയൊരൊ നേതാവും ലോകത്ത് നിലവിൽ വരും. അത് കാലാകാലം നിലനില്ക്കുകയും ചെയ്യും. ഞാൻ വന്നത് ഒരു പൂച്ചെടി കർഷകനെപ്പോലെ വിത്തു വിതയ്ക്കുവാൻ മാത്രമാണ്. അങ്ങനെ ഇസ്ലാമിന്റെ പുന്തോട്ടം അതിന്റെ ഗരിമയും സൗന്ദര്യവും വീണ്ടെക്കുവാൻ. ആ വിത്ത് മുളച്ച്, വളർന്ന്, വ്യാപരിയ്ക്കും. ആർക്കുമതിനെ തടയാനാവില്ല.

പില്ക്കാലത്ത് ആഗതരാകുന്ന ദൈവീകദൂതന്മാരെ സംബന്ധിച്ച പ്രവചനങ്ങൾ

ഹിജ്റ കഴിഞ്ഞ് പതിന്നാല് നൂറ്റാണ്ടുകൾ പിന്നിട്ടിരിക്കുന്നു. 14-ാം നൂറ്റാണ്ടിനോളം കൗതുകം ജനിപ്പിച്ച മറ്റൊരു നൂറ്റാണ്ട് മുമ്പുണ്ടായിട്ടേയില്ല. അതുപോലെ തന്നെ അതിൽ നിന്നും ഒരു നീർച്ചാലുപോലെ തുളുമ്പിത്തെറിച്ച 15-ാം നൂറ്റാണ്ടും മുസ്ലിം ലോകത്തിന് ജിജ്ഞാസ ജനിപ്പിച്ചവയായി തുടരുന്നു.

ഇസ്ലാം പല കോണുകളിൽ നിന്നും ആക്രമിയ്ക്കപ്പെട്ടുകൊണ്ടിരിക്കുന്ന ഈ വേളയിൽ, ഇസ്ലാമിക വിജയം സുനിശ്ചിതമാക്കുന്ന ഒരു ആത്മീയ വിപ്ലവത്തിനായി ഇസ്ലാമികലോകം, കുറേക്കാലമായി ഉറ്റുനോക്കിക്കൊണ്ടിരിക്കുകയാണ്. ഇസ്ലാമിനെ യുദ്ധങ്ങൾ പ്രോത്സാഹിപ്പിക്കുന്ന മതമായും, നമ്മുടെ പ്രിയങ്കരനായ ഹസ്രത്ത് മുഹമ്മദ് നബി(സ)യെ യുദ്ധത്തിനു പ്രേരിപ്പിച്ച, അധികാരദാഹിയായ,

സ്ത്രീകളെ ഇഷ്ടപ്പെടുന്ന ആളായും, ചിത്രീകരിക്കുന്നതിനായി വിവിധ മതപണ്ഡിതരെന്നവകാശപ്പെടുന്നവർ കുതന്ത്രങ്ങൾ മെനഞ്ഞു കൊണ്ടിരിക്കുന്ന ഒരു കാലമാണിത്. ആയതിനാൽ തന്നെ മുസ്ലിം ലോകം, ഇസ്ലാമിന്റെ പ്രതാപ കാലം തിരികെ പിടിക്കാൻ കഴിവുള്ള, സമാധാനവും, വിജയവും നേടിയെടുക്കാനിറിയുന്ന ഒരു ആത്മീയ നേതാവിന്റെ ആഗമനത്തിനായി അക്ഷമയോടെ കാത്തിരിക്കുന്നു. ഖുർ ആനിലും തിരുസുന്നത്തിലും പ്രവചിയ്ക്കപ്പെട്ടിരിക്കുന്ന അല്ലാഹു വിന്റെ തെരെഞ്ഞെടുക്കപ്പെട്ട ദാസന്മാരെപ്പറ്റിയുള്ള വിവരങ്ങളിലേക്ക് വെളിച്ചം വീശുന്ന ഖുർആനിലെ നിയമ സംഹിതകൾ കണ്ടെത്തുന്ന തിനും, അതിനെപ്പറ്റി നമുക്ക് അറിവ് പകർന്നു നല്കുന്നതിനുമുള്ള അന്വേഷണത്തിലാണ് പല പ്രമുഖശാസ്ത്രജ്ഞരും, മതപണ്ഡിത ന്മാരും.

വാഗ്ദത്ത മസീഹ് ആഗതനായി, തിരുനബി (സ)യെ പിന്തുടർന്ന മസീഹുമാർ വരുന്നതിലേക്കുള്ള സാധ്യതകളുടെ വാതിലുകൾ മലർക്കെ തുറന്നിടുകയും ചെയ്തു എന്നത്, ഇനിയും അനേകം മസീ ഹുമാരും മഹ്ദിമാരും ലോകത്ത് ആഗതരാകും എന്ന തിരുനബി (സ)ഒരിയ്ക്കലും തടസ്സപ്പെടുത്തുന്നില്ല. ഹസ്രത്ത് അഹ്മദ് (അ) അദ്ദേ ഹത്തിന്റെ ഗ്രന്ഥങ്ങളിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു.

മുമ്പ് അനേകം മസീഹുമാർ വന്നിട്ടുണ്ടാകുമെന്ന്, ഞങ്ങൾ അംഗീ കരിക്കുന്നു. ഭാവിയിലും മസീഹുമാർ വരാനും ഇടയുണ്ട്. ഒരുപക്ഷേ പില്ക്കാലത്ത് ഇമാം മുഹമ്മദ് എന്ന പേരിൽ തന്നെ ആരെങ്കിലും വന്നു കൂടായ്കയുമില്ല (റുഹാനി കസായിൻ ഭാഗം :3,പേജ് -379)

ഭാവിയിൽ മസീഹുമാർ വരുന്നതിനെ സംബന്ധിച്ച മുഹമ്മദ് നബി (സ)യുടെ പ്രവചനം ഉൾക്കൊള്ളുന്ന ഹദീസുകളിലെ വാക്കുകളെ അക്ഷരാർത്ഥത്തിൽ ഉൾക്കൊള്ളുന്ന (സാക്ഷ്യപ്പെടുത്തുന്ന തരത്തിൽ) മസീഹ് വരാനുള്ള സാധ്യത ഉറപ്പായും ഉണ്ട്. കാരണം ഈ വിനീത ദാസൻ ആഗതനായത് ഈ ലോകത്തിന്റെ ഭരണം കയ്യാളാനോ, ആധി പത്യമുറപ്പിയ്ക്കാനോ അല്ല. മറിച്ച് മിതത്വവും, വിനയവുമായിട്ടാണ്.

(ഇസ്ലാ-യെ-ഔഹം, റുഹാനി കസായിൻ Vol.3 പേജ്197)

ഭാവിയിൽ മസീഹു വരാതിരിക്കാൻ സാധ്യതയുണ്ട്, അതു പോലെ പതിനായിരം മസീഹുമാർ വരാനും സാധ്യതയുണ്ട്. അവ രിലൊരാൾ ദമാകസിൽ ആഗതനായേക്കാം

(ഇസ്ലാഹ്-യെ-ഔഹം, റുഹാനി കസായിൻ Vol.3 പേജ് 251)

മുഹമ്മദ് നബി(സ)യുടെ പ്രവചന വിശദീകരണപ്രകാരം ഹിജ്റ 1400 കഴിഞ്ഞ് ഇരുപതോ, മുപ്പതോ വർഷങ്ങൾ കഴിയുന്ന അവസര ത്തിൽ മഹ്ദി ആഗതനായേ പറ്റു. ഈ വിശദീകരണത്തിന്റെ സ്രോത സ്, തുർക്കിയിലെ ഇസ്താംബൂളിൽ സ്ഥിതിചെയ്യുന്ന സുലൈമാനിയ ലൈബ്രറിയിൽ സൂക്ഷിച്ചിരിക്കുന്ന കയ്യെഴുത്തു പ്രതിയാണ്. അത് ഹിജ്റയ്ക്ക് ശേഷം 300-ാം വർഷത്തിൽ രേഖപ്പെടുത്തപ്പെട്ടിട്ടുള്ള ഒരു കയ്യെഴുത്തു പ്രതിയാണ്. ഇത് സുലൈമാനിയ ലൈബ്രറിയിലെ ഇസ്ലാമിക് മാനുസ്കരിപ്റ്റ്സ് 3664/അൽമദീന അൽ മുനവ്വറ എന്ന വിഭാഗത്തിൽ ഭദ്രമായി സംരക്ഷിച്ചിരിക്കുന്നു. ഈ അപൂർവ്വ ഗ്രന്ഥം രചിച്ചത് Qalda bin Zayd bin Baraka, Asma Masalik Li Ayyam Al-Mahdi : Malik Li Kul Al-Dunya Bi Amr Allah El-Malik എന്ന ഈ കയ്യെഴുത്തു പ്രതിയുടെ 216-ാംപേജിൽ ആണ് ഇതു സംബന്ധ മായ വിശദീകരണം കാണാവുന്നത്.

ഹസ്രത്ത് മിർസാഗുലാം അഹ്മദ് (അ)തന്റെ കാലഘട്ടത്തിലെ വാഗ്ദത്ത മസീഹും, മഹ്ദിയ്യുമാണെന്ന അദ്ദേഹത്തിന്റെ ആധികാരി കമായ വാദത്തിന് യാതൊരുവിധ മങ്ങലും ഇവ ഏല്പിക്കുന്നില്ല. വാഗ്ദത്ത മസീഹും, മഹ്ദിയും ഒരാൾ തന്നെയാണന്നും, അദ്ദേഹം മുസ്ലിംകളിൽ നിന്നു തന്നെയുള്ള ഒരു ഇമാം ആയിരിക്കുമെന്നുമുള്ള തിരുനബി(സ)യുടെ പ്രവചനങ്ങൾ പ്രകാരം ആദ്യമായി ഈ വാദ മുന്നയിച്ചത് ഹസ്രത്ത് അഹ്മദ്(അ)ആയിരുന്നു.

തിരുനബി(സ)യുടെ ഈ വചനങ്ങളെ ആധികാരിക ഹദീസു കൾ പിന്താങ്ങുന്നു എന്ന വസ്തുത അന്ത്യകാലഘട്ടത്തിൽ ആഗത നാകുന്ന വാഗ്ദത്തമസീഹും മഹ്ദിയും, ഹസ്രത്ത് അഹ്മദ് (അ)ആ ണെന്നതിന്റെ സത്യതയെ തെളിയിക്കുന്നു.

മറിയമിന്റെ മകൻ നിങ്ങളെ നയിയ്ക്കുവാനായി നിങ്ങളുടെയിട യിലേക്ക് കടന്നുവരുമ്പോൾ നിങ്ങളുടെ അവസ്ഥ എന്തായിരിക്കും?

(സഹീഹ് മുസ്ലിം)

അപ്പോൾ, അന്നത്തെ മുസ്ലിംകൾ തങ്ങളുടെ കാലാഘട്ടത്തെ ബാധിച്ചിരിക്കുന്ന ദജ്ജാലിൽ നിന്നും മറ്റ് പൈശാചികമായ ദൃഷ്ടാന്തങ്ങളിൽ നിന്നും, തങ്ങളെ രക്ഷിക്കുന്നതിന് അവരിൽ നിന്നുതന്നെയുള്ള, ഒരാളെ വാഗ്ദത്ത മസീഹും മഹ്ദിയുമായ ഒരു ഇമാമിനെ തെരെഞ്ഞടുക്കും.

തന്റെ കാലഘട്ടത്തിലെ വാഗ്ദത്ത മഹ്ദിയും മസീഹുമായി ഹസ്രത്ത് അഹ്മദ് (അ)തന്റെ സമകാലീന സമൂഹത്തിലെ ഒരു നല്ല പങ്ക് ജനതയ്ക്കും നേർമാർഗ്ഗം കാണിച്ചുകൊടുക്കുക എന്ന തന്റെ ദൗത്യം പൂർത്തിയാക്കുകയും, അവരെ മോക്ഷപ്രാപ്തിയ്ക്കു സജ്ജരാക്കുകയും ചെയ്തു. അതേ സമയം, അല്ലാഹു, അദ്ദേഹത്തിന്, തന്റെ ജമാഅത്തിനെ ശാശ്വതമായി സംരക്ഷിക്കുമെന്നും ആ കൂട്ടത്തിൽ നിന്നും വെളിപാടുകൾ (വഹ്യ്) ഇറങ്ങുന്ന ഒരു ഇമാമിനെ അവർക്കായി നിയോഗിക്കുമെന്നും വാഗ്ദാനം നല്കി. വാഗ്ദത്ത മസീഹിന്റെ അനുയായികൾ ഉൾപ്പെടുന്ന ലോകമുസ്ലിം ജനത, തങ്ങൾക്ക് തിരുനബി (സ)യും വാഗ്ദത്തമസീഹ് ഹസ്രത്ത് മിർസാഗുലാം അഹ്മദ് (അ)ഉം പഠിപ്പിച്ചു നൽകിയതുപോലെ അല്ലാഹുവിന്റെ ഇച്ഛയ്ക്ക് കീഴടങ്ങുന്നതിലൂടെ മാത്രമേ മോക്ഷലബ്ധി സാധ്യമാകൂ എന്നു തിരിച്ചറിഞ്ഞിരുന്നുവെങ്കിൽ, അവർ നിസ്സംശയം, തങ്ങളുടെ നൂറ്റാണ്ടിൽ ആഗതനായ ഇമാമും, മസീഹും, ഖലീഫത്തുല്ലാഹ്യും ആയ വ്യക്തിയെ തിരിച്ചറിഞ്ഞേനെ. അദ്ദേഹം അവരുടെ ഇടയിൽ നിന്നും, അവരെ, ഏകദൈവരാധനയിലേക്കും, പരമസത്യമായ ഇലാഹിലേക്കും, അവരെ നയിക്കുന്നതിനായി വന്നിരിക്കുന്നതത്രേ.

മുസ്ലിംകൾ ഉൾപ്പെടെയുള്ള ഇന്നത്തെ സമൂഹം, തങ്ങൾക്ക് വേണ്ട സുഖസൗകര്യങ്ങൾ എല്ലാം നല്കിയ തങ്ങളുടെ ദൈവത്തോടുള്ള അവരുടെ കടപ്പാടും, ഇസ്ലാമിന്റെ യഥാർത്ഥ അർത്ഥവും, വിശ്വാസത്തിന്റെ അന്തഃസ്സത്തയുമെല്ലാം മറന്നിരിക്കുന്നു. അല്ലാഹുവിന്റെ ദൂതൻ, തനിക്കു ശേഷം വരാൻ പോകുന്നവരെപറ്റി ഉറപ്പിച്ച സൂചനകൾ നല്കാറുണ്ട്. ബുദ്ധി പ്രയോഗിക്കുന്ന ജനങ്ങൾ (ഊലുൽ അൽബാബ്) ആ സൂചനകൾ തിരിച്ചറിഞ്ഞ് തങ്ങളുടെ അടുത്ത ഇമാ

മിനെ തിരിച്ചറിയും. പ്രവാചകന്മാർ, അല്ലാഹുവിനാൽ തെരെഞ്ഞെടുക്കപ്പെട്ട ദൂതന്മാർ, പരിഷ്കർത്താക്കൾ തുടങ്ങിയവരെല്ലാം തന്നെ ആലങ്കാരിക ഭാഷാപ്രയോഗങ്ങൾ നടത്തുന്നവരത്രെ. അങ്ങനെയല്ലായിരുന്നെങ്കിൽ തങ്ങളുടെ ഇടയിലേക്ക് വരുന്ന അടുത്ത ഇമാമിനെ അവർ രണ്ടു കയ്യും നീട്ടി സ്വാഗതം ചെയ്തേനെ. പക്ഷേ കാര്യങ്ങൾ അങ്ങനെയല്ല. മുൻകാലങ്ങളിൽ ഊലുൽ അൽബാബുകൾ (ബുദ്ധി ഉപയോഗിച്ച് കാര്യങ്ങളെ ആഴത്തിൽ വിശകലനം ചെയ്യുന്നവർ) ആണ് തങ്ങളുടെ കാലഘട്ടത്തിലെ ഇമാമിനെ ആദ്യം തിരിച്ചറിഞ്ഞരിഞ്ഞിരുന്നത് ശേഷം അവരിലൂടെ, അവരുടെ ദഅ്‌വയിലൂടെ അത് മറ്റുള്ളവരിലെത്തുകയും, അവർ വിശ്വാസപാതയിലേക്ക്, കടന്നുവരികയുമാണ് ചെയ്തിരുന്നത്. ഊലുൽ-അൽബാബുകളുടെ ദഅ്‌വാ പ്രവർത്തനങ്ങൾ മൂലം അല്ലാഹു സമൂഹത്തിലെ മറ്റാളുകളുടെ ഹൃദയങ്ങളെ വിശാലമാക്കുകയും, അതുവഴി ഒരിയ്ക്കൽ ശത്രുക്കളായി (എതിരാളികളായി) നിലകൊണ്ടിരുന്നവർ ഉൾപ്പെടെയുള്ളവർ സത്യത്തിലേക്ക് തിരിയുന്നു. അങ്ങനെ അവർ തങ്ങൾക്കുതന്നെ പരിശുദ്ധവും, പവിത്രവും, ആത്യന്തിക സത്യവും ആയ വിശ്വാസത്തെ പാരിതോഷികമായി നല്കുകയും ചെയ്യുന്നു.

നമ്മുടെ ഈ കാലഘട്ടം, മുമ്പ് ഹസ്രത്ത് മുഹമ്മദ് (സ) പ്രവചിച്ച മഹ്ദിയുടെ ആഗമനം സംബന്ധിച്ച കാലയളവുമായി -അതായത് ഹിജ്റ 1400 കഴിഞ്ഞ് 20 അല്ലെങ്കിൽ 30 വർഷങ്ങൾ കഴിഞ്ഞ്- സമരസപ്പെടുന്നു. (യോജിച്ചു വരുന്നു) കാരണം നാമിപ്പോൾ ഹിജ്റ 1434 ൽ ആണ് മാത്രവുമല്ല അല്ലാഹു എന്നെ അവന്റെ (അല്ലാഹുവിന്റെ) തെരെഞ്ഞെടുക്കപ്പെട്ട ദൂതനായി- മസീഹ്, മുഹയ്ദ്ദീൻ, ഖലീഫത്തുല്ലാഹ് - ദൂതനുമായി നിയോഗിച്ചിട്ട് പത്തുവർഷം കഴിയുകയും ചെയ്തു. ആയതിനാൽ എന്റെ സത്യത്തെ തിരിച്ചറിയാൻ തക്കവണ്ണം മുസ്ലിംകൾ ഉൾപ്പടെയുള്ള മാനവകുലത്തിന് ഹൃദയവിശാലത നല്കുകയും, ആ സത്യത്തെ അവരുടെയുള്ളിൽ പ്രകാശിപ്പിക്കുകയും ചെയ്യേണമേ എന്ന് ഞാൻ അല്ലാഹുവിനോട് കേണപേക്ഷിക്കുന്നു. മഹ്ദിയുടെയും മസീഹിന്റെയും ആഗമനം സംബന്ധിച്ച ഖുർആനിലെയും തിരുസുന്നത്തിലെയും നിയമസംഹിതകളിലൊളിഞ്ഞിരിക്കുന്ന ദുരൂഹത

(രഹസ്യം) ചുരുളഴിക്കുവാൻ (മറനീക്കി വെളിപ്പെടുത്തുവാൻ) അഹോരാത്രം പരിശ്രമിക്കുന്ന മുസ്ലിം ഗവേഷകരും ചിന്തകരും എത്തിച്ചേർന്ന നിഗമനം 2013-2014 കാലയളവിൽ മഹ്ദിയും മസീഹും തങ്ങളുടെ ആഗമനം സംബന്ധിച്ച് വെളിപ്പെടുത്തൽ നടത്തപ്പെടുന്നതാണ് എന്നും, ചിലപ്പോൾ അത് 2022വരെ നീണ്ടു പോയേക്കാം എന്നുമത്രേ. (ഇവർ മഹ്ദിയും മസീഹും എന്നത് രണ്ടു വ്യത്യസ്ത ആൾക്കാർക്ക് നല്കുന്ന വ്യത്യസ്ത പദവികൾ എന്നാണ് വ്യാഖ്യാനിച്ചിരിക്കുന്നത്. ഇപ്പോഴും അങ്ങനെയാണ് അവർ വിശ്വസിച്ചു പോരുന്നതും) മസീഹിന്റെ കാലഘട്ടം സമാഗതമായി കഴിഞ്ഞു എന്നതിൽ തർക്കമില്ല. പക്ഷേ, ആ സത്യം ആര് തിരിച്ചറിയാൻ സന്നദ്ധരാകുന്നു? അറിയുന്നവർ അത് അതറിഞ്ഞിട്ടും കണ്ണടച്ച് ഇരുട്ടാക്കുന്നു എന്നതാണ് നമുക്ക് മുന്നിലുള്ള വിഷയം.

കൂടാതെ, 1980 നവംബർ 9 മുതൽ ആരംഭിച്ചതും ഇസ്ലാമിക വിജയത്തിന് പ്രാരംഭം കുറിക്കുന്നതുമായ 15-ാം നൂറ്റാണ്ടിനെ അന്തസ്സോടെ സ്വീകരിക്കുവാൻ അഹ്മദീ മുസ്ലിംകൾ തയ്യാറായിരിക്കുകയാണ്. പ്രവചനപ്രകാരം 14-ാം നൂറ്റാണ്ടിൽ നിയോഗിതനാകുന്ന വാഗ്ദത്തമസീഹിന്റെ ആഗമനം ഹസ്രത്ത് മിർസാഗുലാം അഹ്മദ്(അ)ന്റെ വരവോടെ, വിശുദ്ധഖുർആനിലും, തിരുനബി(സ) പ്രവചനങ്ങളിലും പറഞ്ഞിരിക്കുന്നവ, അക്ഷരംപ്രതി പുലർന്നിരിക്കുകയാണ് അഹ്മദികളായ നമ്മെ സംബന്ധിച്ചിടത്തോളം. താഴെക്കാണിച്ചിരിക്കുന്ന ഖുർആൻ സൂക്തങ്ങൾ പ്രകാരം ഇസ്ലാമിനെ പരിഷ്കരിക്കുവാനായി അല്ലാഹുവിനാൽ അയയ്ക്കപ്പെട്ട വാഗ്ദത്ത മസീഹും മഹ്ദിയും താൻതന്നെയാണെന്ന് ഹസ്രത്ത് മിർസാ ഗുലാം അഹ്മദ് (അ)പ്രഖ്യാപിയ്ക്കുകയുണ്ടായി.

അവൻ ആകാശത്തു നിന്ന് ഭൂമിയിലേക്ക് (തന്റെ) കല്പനകൾ നിയന്ത്രിച്ചയയ്ക്കുന്നു. പിന്നീട് അത് (കല്പനകൾ) ഒരു നിശ്ചിത കാലയളവിൽ അവന്റെയടുക്കലേക്ക് കയറിപ്പോകുന്നു. നിങ്ങൾ എണ്ണിത്തിട്ടപ്പെടുത്തുന്നതിനനുസരിച്ച് അതിന്റെ (ആ കാലഘട്ടത്തിന്റെ) ദൈർഘ്യം ആയിരംക്കൊല്ലമാണ്

(അസ്സജദ 32:6)

ഈ ആയത്തിനെ വ്യാഖ്യാനിച്ചുകൊണ്ട് മുസ്ലിഹ് മൗഊദ് ഹസ്രത്ത് മിർസാ ബഷീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ) പറഞ്ഞു.

ഈ ആയത്ത് ഇസ്ലാം അഭിമുഖീകരിക്കുവാൻ പോകുന്ന ഒരു ഗുരുതര പ്രശ്നത്തെ സൂചിപ്പിക്കുന്നു. ഇസ്ലാം അതിന്റെ പ്രാരംഭഘട്ടത്തിലെ മൂന്നു നൂറ്റാണ്ടുകളിൽ സ്വായത്തമാക്കി നിലനിർത്തിയ പുരോഗമനവും അഭിവൃദ്ധിയും വീണ്ടും സ്വന്തമാക്കുവാൻ ഒരുപാട് ദൂരം പോകേ ണ്ടതുണ്ട് എന്ന് തിരുനബി(സ)നിരന്തരം ഓർമ്മിപ്പിക്കുമായിരുന്ന വാചകങ്ങൾ ഇങ്ങനെ റിപ്പോർട്ട് ചെയ്യപ്പെട്ടിരിക്കുന്നു.

ഇസ്ലാമിലെ ഏറ്റവും നല്ലകാലഘട്ടം ഞാൻ ജീവിച്ചിരിക്കുന്ന നൂറ്റാണ്ടും, അതിനടുത്തതും, അതിനടുത്തതും ആകുന്നു (തിർമിദി, ബുഖാരി)

ഇസ്ലാമിന്റെ അധഃപതനം, ആദ്യമൂന്നു നൂറ്റാണ്ടുകൾക്കു ശേഷം ഉണ്ടായ നിരന്തരമുള്ള ഏറ്റുമുട്ടലുകളോടെയാണ് ആരംഭിച്ചത്. അധഃപതനവും പ്രതിച്ഛായയ്ക്കു മങ്ങലേല്ക്കലും അടുത്ത ആയിരം വർഷം വരെ തുടർന്നുകൊണ്ടിരിക്കും. അധഃപതനത്തിന്റെയും ഇസ്ലാമിക അധ്യാപനം നടപ്പാക്കുന്നതിൽ ബലഹീനരാകുന്നതിന്റേയും ആയിരം വർഷക്കാലയളവിനെയാണ്, നിങ്ങൾ എണ്ണിത്തിട്ടപ്പെടുത്തുന്നതുസരിച്ച്, അതിന്റെ (ആ കാലഘട്ടത്തിന്റെ) ദൈർഘ്യം, ആയിരം കൊല്ലമാണ്, എന്നു പറഞ്ഞിരിക്കുന്നത്. മറ്റു ഹദീസുകളിൽ തിരുനബി(സ) ഇങ്ങനെ പറഞ്ഞിരിക്കുന്നതായി റിപ്പോർട്ട് ചെയ്യുന്നു. വിശ്വാസം സുരയ്യാ നക്ഷത്രത്തിലേക്ക് കയറിപ്പോകുകയും, പേർഷ്യൻ വംശജനായ ഒരാൾ അതിനെ ഭൂമിയിലേക്ക് മടക്കിക്കൊണ്ടുവരികയും ചെയ്യും. (ബുഖാരി-കിത്താബുൽ തഫ്സീർ) വാഗ്ദത്ത മസീഹിന്റെ ആഗമനത്തോടുകൂടി 14-ാം നൂറ്റാണ്ടിൽ ഇസ്ലാമിന്റെ അധഃപതനം നിലയ്ക്കുകയും, അതിന്റെ പുനഃരുദ്ധാരണം ആരംഭിക്കുകയും ചെയ്തു. അതായത് ഇസ്ലാം വീണ്ടും ശക്തി പ്രാപിയ്ക്കുവാൻ തുടങ്ങി.

വാഗ്ദത്ത മസീഹ് ഹസ്രത്ത് അഹ്മദ് (അ) ആഗതനായ സമയത്ത് ഇസ്ലാമിന്റെ സ്ഥിതി അതീവശോചനീയമായിരുന്നു. പല കോണുക

ളിൽ നിന്നും ആക്രമിയ്ക്കപ്പെട്ട ഇസ്ലാം, ചെറുത്തു നില്ക്കാനോ, പ്രതികരിയ്ക്കാനോ ആരുമില്ലാതെ അനാഥമായ അവസ്ഥയിലായിരുന്നു. തിരുനബി(സ) മുൻകൂട്ടി പറഞ്ഞിരുന്ന പ്രകാരം, മുസ്ലിംകൾ വെറും മുസ്ലിം നാമധാരികൾ മാത്രമായി മാറിയിരുന്നു അപ്പോഴേക്കും. ഖുർആൻ പേരിനുവേണ്ടി പാരായണം ചെയ്യപ്പെട്ടിരുന്നു. എങ്കിലും അതിലെ കല്പനകളും, അധ്യാപനങ്ങളും പ്രാബല്യത്തിൽ വരുത്തുന്നതിനുള്ള ഒരു നടപടിയും സ്വീകരിച്ചിരുന്നില്ല. മുസ്ലിംകൾ പേരുകളിൽ മാത്രം അവശേഷിക്കുകയും, ആചാരമെന്ന നിലയിൽ ഖുർആൻ പാരായണം ചെയ്യപ്പെടുകയും ചെയ്യുന്ന സമയം വരും, അന്ന് ഏറ്റവും നീചരായവർ ഉലമാക്കൾ ആയിരിക്കും. (മിഷ്കാത്ത്-വോള്യം:1, കിത്താബുൽ ഇൽമ്) ഈ കാലം കാണിക്കുന്നത്, മസീഹ്(അ) ആഗതരാവുന്ന 14-ാം നൂറ്റാണ്ട് ആണ്.

മറ്റൊരു ഹദീസിൽ തിരുനബി(സ) പണ്ഡിതന്മാരെ അഭിസംബോധന ചെയ്തുകൊണ്ട് ഇപ്രകാരം പറഞ്ഞിരിക്കുന്നതായി റിപ്പോർട്ട് ചെയ്യപ്പെട്ടിരിക്കുന്നു. സന്തോഷിക്കൂ, സന്തോഷിക്കൂ (ഈ വാക്ക് തിരുമേനി(സ) മൂന്നു തവണ ആവർത്തിച്ചു) എന്റെ ജനതയെ മഴയോടു താരതമ്യപ്പെടുത്താം. തുടക്കമാണോ, ഒടുക്കമാണോ നല്ലത് എന്ന് നമുക്കറിയില്ല. ഈ ജനതയെ എങ്ങനെ നശിപ്പിക്കുവാനാണ്. തുടക്കത്തിൽ ഞാനും, മധ്യത്തിൽ എന്റെ 12 ഖലീഫമാരും ഒടുക്കത്തിൽ മസീഹും (ഫസ്സുൽ കിത്താബ് ഈമാൻ മുഹമ്മദ് പേജ് 768)

തിരുനബി(സ) ജീവിച്ചിരുന്ന നൂറ്റാണ്ടും, അതിനെ തുടർന്ന് 12 നൂറ്റാണ്ടുകളിൽ 12 ഖലീഫമാരും (അതായത് 12 മുജദ്ദിദുമാരും) കൂടുമ്പോൾ 13 നൂറ്റാണ്ട്. ഇതിൽ നിന്നും വ്യക്തമാകുന്നത് 14-ാം നൂറ്റാണ്ട് മസീഹ് ആഗതനായ കാലമാണ് എന്നാണ്. ഔലിയ-എ-കിറാമുൻ (പുണ്യരായ സിദ്ധന്മാർ) മസീഹിന്റെ ആഗമനത്തെപറ്റി മുൻകൂട്ടി പറഞ്ഞിരിക്കുന്നതു കാണുക.

1. അബൂകാബിൽ പറഞ്ഞിരിക്കുന്നതായി നയീംബിന് ഹിമദ് റിപ്പോർട്ട് ചെയ്യുന്നു. 14-ാം നൂറ്റാണ്ടിൽ മഹ്ദി ആഗതനാകുമെന്ന് ഭൂരിഭാഗം വിശുദ്ധന്മാരും അഭിപ്രായപ്പെടുന്നു.

2. സുഹുർമഹ്ദി എന്ന തന്റെ ഗ്രന്ഥത്തിൽ ഖ്വാജാ ഹസൻ നിസാമി എഴുതിയിരിക്കുന്നു. ഷേക്ക് സമൂസി, സൂഫിമാർ, സിറിയയിലെയും അറബ് രാജ്യങ്ങളിലെയും പണ്ഡിതന്മാർ തുടങ്ങിയ പ്രമുഖ മുസ്ലിം ചിന്തകർ 14-ാം നൂറ്റാണ്ടിൽ ഹിജിറ 1330, 1335, അല്ലെങ്കിൽ 1340-കളിൽ മഹ്ദി ആഗതനാകും എന്ന വിഷയം അംഗീകരിക്കുന്നു. ഇവിടെ ഞാൻ, തിരുനബി(സ) മഹ്ദിയും മസീഹും ഒരേ ആൾ തന്നെയായിരിക്കും എന്ന് പറഞ്ഞത് ഓർമ്മിപ്പിക്കുകയാണ്.

ആ കാലയളവിലെ ഒരു മസീഹിന്റെ ആഗമനം സംബന്ധിച്ച സൂചനകൾ ക്രിസ്തുമതം, ഹിന്ദുമതം, ജൂതമതം, സൊരഷ്ട്രമതം തുടങ്ങിയ എല്ലാ മതങ്ങളിലും കാണുന്നുണ്ട്. ഈ മഹ്ദിയെ 14-ാം നൂറ്റാണ്ടിൽ തന്നെയാണ് പ്രതീക്ഷിയ്ക്കപ്പെടുന്നതും, ഇസ്ലാമിന്റെ ബലഹീനത അകറ്റി അതിനെ പുഷ്ടിപ്പെടുത്തുന്നതിനും, മാനവരാശിയെ നവീകരിക്കുന്നതിനും വേണ്ടി, ദൈവത്താൽ തെരെഞ്ഞെടുക്കപ്പെട്ട ഒരു ദൂതന്റെ ആഗമനത്തിന്റെ പ്രാധാന്യം മനസ്സിലാക്കുന്നതിന് അല്ലാഹു ചില ഹൃദയങ്ങളെ അനുഗ്രഹിച്ച് വിട്ടിരിക്കുന്നു എന്ന് നമുക്ക് കാണാം. തന്റെ നൂറ്റാണ്ടിലേക്കാണ് ഹസ്രത്ത് അഹ്മദ് (അ) വന്നത് എന്നത് ശരിതന്നെ. പക്ഷേ, അതേസമയം, ഈ നൂറ്റാണ്ടിൽ, 15-ാം നൂറ്റാണ്ടിൽ-വരാനിരുന്ന അല്ലാഹുവിന്റെ വിനീത ദാസന്റെ, അവന്റെ(അല്ലാഹുവിന്റെ) ഈ നൂറ്റാണ്ടിലെ ഖലീഫത്തുല്ലാഹ്യും, മസീഹും ആയ ഈ വിനീത ദാസന്റെ-ആഗമനത്തിന് മുന്നൊരുക്കുക്കാരൻ ആയിട്ടാണ് അദ്ദേഹം ആഗതനായത് എന്ന വസ്തുതയും സത്യം തന്നെയാണ്. ഞാൻ ഹിജ്റ 1380-ൽ അതായത് ഇസ്ലാമിക വർഷം അനുസരിച്ച് 14-ാം നൂറ്റാണ്ടിന്റെ അന്ത്യപാദത്തിൽ ജനിച്ചു. അല്ലാഹു(ത) എന്നെ അവന്റെ തെരെഞ്ഞെടുക്കപ്പെട്ട ദൂതനായി ഉയർത്തിയത് ഹിജ്റ 1421ൽ ആണ് (അതായത് 15-ാം നൂറ്റാണ്ടിൽ) ആ കാലഘട്ടത്തിൽ കോരിച്ചൊരിയുന്ന മഴപോലെ എനിക്ക് വെളിപാടുകൾ ലഭിച്ചുകൊണ്ടിരുന്നു. ഈ വിനീത ദാസനോട് അല്ലാഹു(ത) അനേകം രഹസ്യങ്ങൾ വെളുപ്പെടുത്തി തരികയും, വെളിപാടുകൾ നല്കുകയും, അനേകം പദവികൾ നല്കി അനുഗ്രഹിയ്ക്കുകയും ചെയ്തു. ആ പദവികൾ പില്കാലത്ത് സത്യമായി പുലരുകയും ചെയ്തു. ഇനിയും ഇതു

പോലെയുള്ള പ്രവചനങ്ങളും വാഗ്ദാനങ്ങളും ഭാവിയിലും പുലരുക തന്നെ ചെയ്യും ഇൻശാ അല്ലാഹ്! ബൈബിളിൽ നാം ഇങ്ങനെ വായിക്കുന്നു. എന്റെ ദൈവമേ! ഇതിന്റെയൊക്കെ പരിണിതഫലം എന്താവും? എന്നാൽ അവൻ പറഞ്ഞു. ഇപ്പോൾ പോകൂ, ഡാനിയൽ. അന്ത്യനാൾവരെ ഞാൻ പറഞ്ഞതൊക്കെ രഹസ്യമായിരിക്കും, മൂടി വെക്കപ്പെട്ടതുമായിരിക്കും, ഒരുപാട് പേരെ പരിശുദ്ധരാക്കുകയും, നവീകരിക്കുകയും, പവിത്രീകരിക്കുകയും ചെയ്യും. പക്ഷേ കുതന്ത്രക്കാർ എന്നും കുതന്ത്രശാലികളായി തന്നെ തുടരും. അവരിലൊരാൾക്കും സത്യം ഗ്രഹിക്കാനാവില്ല. എന്നാൽ ഉൽക്കാഴ്ചയുള്ളവൻ അത് തിരിച്ചറിയും. നിത്യബലി ഇല്ലാതാക്കിയ സമയവും, ഭയത്താൽ സൃഷ്ടിക്കപ്പെടുന്ന ഒറ്റപ്പെടലിനും, വിഗ്രഹഭഞ്ജനം) ഇടയിൽ 1290 ദിനങ്ങളുടെ ദൈർഘ്യമുണ്ട്. ക്ഷമയോടെ കാത്തിരിക്കുകയും 1335 ദിനങ്ങൾ പൂർത്തീകരിക്കുകയും ചെയ്യുന്നവൻ അനുഗ്രഹിയ്ക്കപ്പെട്ടവൻ!!

(ഡാനിയേൽ : 12:8-12)

ഹിബ്രു ഭാഷയിൽ abnomination that causes desolation എന്നതുകൊണ്ട് അർത്ഥമാക്കുന്നത് വിഗ്രഹഭഞ്ജനം ആണ്. ഇതിൽ മനസ്സിലാക്കാവുന്നത് ബലിനിർത്തൽ ചെയ്തതിനും, വിഗ്രഹഭഞ്ജനം നടത്തിയതിനു ശേഷം മസീഹ് ആഗതനാകുന്നതിന് മുമ്പ് 1290 ദിനങ്ങളുടെ ദൈർഘ്യം ഉണ്ട് എന്നാണ്. മോശയുടെ മൂസാനബി(അ)യുടെ നിയമപ്രകാരം, രണ്ട് ആടുകളെ വീതം നിത്യവും ബലികഴിക്കേണ്ടതും കത്തിയ്ക്കേണ്തും ഉണ്ടായിരുന്നു (എക്സോഡസ് 29:38-42)

ഇസ്ലാമിക നിയമം നിലവിൽ വന്നപ്പോഴാണ് ഈ ആചാരം നിർത്തൽ ചെയ്തത്. എത്ര മനോഹരമായ രീതിയിൽ ആണ് തിരുനബി(സ) വിഗ്രഹഭഞ്ജനം നടത്തിയത് എന്ന് നമുക്കറിയാവുന്നതാണ്. അങ്ങനെ ആ സംഭവവും കഴിഞ്ഞ്, തിരുനബി(സ)യുടെ കാലഘട്ടം കഴിഞ്ഞ് 1290 വർഷങ്ങൾ കഴിയുമ്പോഴാണ് മഹ്ദി വരേണ്ടുന്നത്! അതായത് ഹിജ്റ 14-ാം നൂറ്റാണ്ടിൽ. വിശുദ്ധഖുർആൻ ഒരു ദിവസം കൊണ്ട് അർത്ഥമാക്കുന്നത് വെളിപാടുകളുടെ ഒരു വർഷ

ത്തെയാണ്. ഈ പ്രവചനത്തിന്റെ അടിസ്ഥാനത്തിലാണ് ക്രിസ്ത്യാനികൾ 1868 മുതൽ മിശിഹായെ പ്രതീക്ഷിക്കുന്നത്.

ഡൽഹിയിലെ അറിയപ്പെടുന്ന ചിന്തകനും, ഗവേഷകനുമായ പണ്ഡിറ്റ് രാജ് നാരായൺ ജി അർമാൻ ശാസ്ത്രി തന്റെ ഗ്രന്ഥമായ ചിത്വനിയിൽ 1,2 പേജുകളിൽ ഇങ്ങനെ എഴുതിയിരിക്കുന്നു. 500 വർഷങ്ങൾക്കു മുമ്പ് ശ്രീകൃഷ്ണഭഗവാൻ ഭൂമിയിൽ അവതാരമെടുത്തിരുന്നു. അദ്ദേഹത്തിനേക്കാൾ മഹാനായ മറ്റൊരു അവതാരവും ഇതുവരെയുണ്ടായിട്ടില്ല, ഇനിയുണ്ടാവുകയുമില്ല. അദ്ദേഹത്തിനു ശേഷം ഇതുവരെ അനേകം അവതാരങ്ങൾ കാലാകാലങ്ങളിൽ ഉണ്ടായിട്ടുണ്ട്, എന്നാൽ ഇപ്പോൾ 1924-ൽ പാപപങ്കിലമായ ഭൂമിയെ പരിഷ്കരിക്കുന്നതിനു വേണ്ടി, അതേ കൃഷ്ണഭഗവാൻ, അവതാരമെടുത്തിട്ടുണ്ട്. ഡൽഹിയിൽ വച്ച് ഒരു ഞായറാഴ്ച വൈകിട്ടത്തെ എന്റെ പ്രാർത്ഥനാവേളയിൽ ആണ് എനിക്ക് ഇതുസംബന്ധമായ അറിവ് ലഭിച്ചത്. അദ്ദേഹം ആ ഗ്രന്ഥത്തിന്റെ 8-ാം പേജിൽ ഈ അവതാരം (മിശിഹ) 1943ന് മുന്നേതന്നെ ആഗതനാകേണ്ടതാണ് എന്ന നിഗമനത്തിൽ എത്തിച്ചേരുകയും ചെയ്യുന്നുണ്ട്.

ഹസ്രത്ത് മിർസാഗുലാം അഹ്മദ് (അ) മനുഷ്യകുലത്തിന്റെ ഏകീകരണം നടപ്പിൽ വരുത്തുന്നതിന് സഹായകമായ അടിസ്ഥാനങ്ങൾ എന്തൊക്കെ ആയിരിയ്ക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഒരു പരിഷ്കർത്താവിന്റെ ആഗമനം സംബന്ധിച്ച് മതമേഖലകളിൽ നിലനിന്നിരുന്ന തർക്കങ്ങളും വിരോധാഭാസങ്ങളും അദ്ദേഹം പരിഹരിച്ചു. ലോകത്തെ പ്രമുഖ മതങ്ങളായ ജൂതമതം, ഹൈന്ദവമതം, ക്രിസ്തുമതം, ഇസ്ലാംമതം, സൊരഷ്ട്രമതം, കൺഫ്യൂഷനിസം, ബുദ്ധമതം തുടങ്ങിയ എല്ലാ മതങ്ങളും, തങ്ങളുടെ ഗ്രന്ഥങ്ങളിൽ വാഗ്ദാനം ചെയ്തിട്ടുള്ള വാഗ്ദത്ത പരിഷ്കർത്താവിന്റെ ആഗമനത്തിനായി ആകാംക്ഷയോടെ കാത്തിരുന്നു.

വിഭിന്നവും, വിയോജിപ്പുളവാക്കുന്നതുമായ തത്ത്വസംഹിതകളിലേക്ക് ജനങ്ങളെ ക്ഷണിച്ചുകൊണ്ട്, അവനവന്റേതായ രീതിയിൽ, ഒരേ ഈശ്വരനിലേക്ക് വിളിച്ചുകൊണ്ടിരിക്കുന്ന വിവിധ ദൂതന്മാരെ

എങ്ങനെയാണ് അല്ലാഹു ഒരേസമയം ഭൂമിയിലേക്ക് അയക്കുന്നത്? ഈ ചോദ്യമായിരുന്നു ദൈവീക മാർഗ്ഗദർശനം ലഭിച്ച ഖാദിയാനിൽ നിന്നുള്ള ഹസ്രത്ത് മിർസാഗുലാം അഹ്മദ് (അ)ന് ചോദിക്കാനുണ്ടായിരുന്നതും. വിവിധ പരിഷ്കർത്താക്കളുടെ ആഗമനം സംബന്ധിച്ച പ്രവചനങ്ങളെല്ലാം തന്നെ ശരിയാണെന്ന് അദ്ദേഹത്തിന് വെളിപാടുകളിലൂടെ അല്ലാഹു മനസ്സിലാക്കി കൊടുത്തു. അതേസമയം, ഈ പറഞ്ഞ പരിഷ്കർത്താക്കളുടെയെല്ലാം ഗുണഗണങ്ങൾ സമ്മേളിക്കുന്ന ഒറ്റ ഒരാളാവും പരിഷ്കർത്താവായി വരിക എന്നാണ് അതിന്റെ സാരം എന്ന് അദ്ദേഹം വിശദമാക്കി നല്കി.

തീർച്ചയായും അദ്ദേഹം വിവിധ പ്രവാചകന്മാരുടെ പടച്ചട്ടയണിഞ്ഞു (സ്വഭാവമഹിമകളോടുകൂടിയ) വരുന്ന അല്ലാഹുവിന്റെ ഒരു പടയാളി ആയിരിക്കും. ആത്യന്തികമായ അല്ലാഹുവിന്റെ ഏകത്വം പ്രത്യക്ഷീഭവിക്കുന്നതിനും വേണ്ടി അല്ലാഹു തെരെഞ്ഞെടുത്തിരിക്കുന്ന മതം ഇസ്ലാമണെന്നും ഹസ്രത്ത് മിർസാഗുലാം അഹ്മദ്(അ) പറയുകയുണ്ടായി. ഈ വാക്കുകൾ ഉയർന്നത് താരതമ്യേന അറിയപ്പെടാത്തതും, വാർത്താപ്രാധാന്യം നേടിയിട്ടില്ലാത്തതുമായ ഒരു വിദൂര കുഗ്രാമത്തിൽ നിന്നായിരുന്നു. എന്നതിനാൽ, മാനവജനത ആ വാക്കുകളെ ശ്രദ്ധിക്കുകയും, അതിനുവേണ്ട പരിഗണന നല്കുകയും ചെയ്തേക്കാം എന്ന വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ അദ്ദേഹം അത് ഉറക്കെ പ്രഖ്യാപിക്കുക തന്നെ ചെയ്തു. ഈ വാക്കുകൾക്ക് ചിലർ പരിപൂർണ്ണവിശ്വാസത്തോടെയും, ആത്മാർത്ഥമായ ഭക്തിയോടെയും ഉത്തരം നല്കി. മറ്റുള്ളവർ വിദ്വേഷത്തിന്റെ കൊടുങ്കാറ്റുയർത്തി; ആ കാഴ്ച ചരിത്രം കണ്ടതിൽ ഏറ്റവും അപൂർവ്വമായ ഒരു കാഴ്ചയായി മാറി.

അദ്ദേഹത്തിന്റെ അനുയായികൾ നിർദ്ദാക്ഷിണ്യം പീഡനത്തിനും, ചൂഷണത്തിനും വിധേയരാക്കപ്പെട്ടു. അവർക്ക് വ്യക്തി സ്വാതന്ത്ര്യവും മസ്വാതന്ത്ര്യവും നിഷേധിയ്ക്കപ്പെട്ടു. ചില രാജ്യങ്ങൾ അവർക്കെതിരിൽ കടുത്തനിയമങ്ങൾ പാസ്സാക്കുകയും, അവർ വൻപിഴകൾ ഈടാക്കുകയും ചെയ്തു. പല അനുയായികൾക്കും കോടതി കയറേണ്ടിവരുകയും ചെയ്തു. ഇതൊക്കെ തങ്ങളുടെ വിശ്വാസം പരസ്യമായി

പ്രഖ്യാപിച്ചതും, അത് ജീവിതത്തിൽ പാലിക്കുവാൻ തീരുമാനിച്ചതും കൊണ്ട് മാത്രമാണ്.

അല്ലാഹു തന്റെ ദാസനായ, ഹസ്രത്ത് മിർസാഗുലാം അഹ്മദ് (അ)ന് ഒപ്പം നില്യ്ക്കുകയും, നിന്റെ സന്ദേശത്തെ ഭൂമിയുടെ അറ്റത്തോളം വ്യാപിപ്പിക്കും എന്ന് 1898ൽ അദ്ദേഹത്തിന് അല്ലാഹു നല്കിയ വാഗ്ദാനത്തെ സാക്ഷാത്ക്കരിച്ചു കൊടുക്കുകയും ചെയ്തു. വാഗ്ദത്ത മസീഹ് കിത്താബുൽ ബരിയ എന്ന തന്റെ ഗ്രന്ഥത്തിലെ 201-ാം പേജിൽ ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു. ഹിജ്റ 13-ാം നൂറ്റാണ്ട് അവസാനിക്കുകയും ഹിജ്റ 14-ാം നൂറ്റാണ്ട് ആരംഭിക്കുകയും ചെയ്യുന്ന ഈ വേളയിൽ, ഞാൻ 14-ാം നൂറ്റാണ്ടിലെ മുജുദ്ദിദ് ആണ് എന്ന് അല്ലാഹു എന്നെ വെളിപാടിലൂടെ അറിയിച്ചിരിക്കുന്നു.

തന്റെ ആഗമനം സംബന്ധിച്ച സമയത്തെപ്പറ്റിയും തന്റെ സത്യതയ്ക്കുള്ള തെളിവുകൾ സംബന്ധിച്ചും അല്ലാഹു വ്യക്തമായ അടയാളങ്ങൾ നല്കിയിരിക്കുന്നു എന്നും വാഗ്ദത്തമസീഹ് വിശദമാക്കി. ഉദാഹരണത്തിന്, അറബി ഭാഷയിൽ അദ്ദേഹത്തിന്റെ പേരെഴുതുമ്പോൾ അവയുടെ സംഖ്യാശാസ്ത്രകണക്കുകൾ (numerical value) പ്രകാരം കൂട്ടിനോക്കിയാൽ തുക കൃത്യം 1300 എന്നു കാണിക്കും.

അതുകൂടാതെ, അദ്ദേഹം പറഞ്ഞു

1. അല്ലാഹു അവന്റെ വെളിപാടുകൾ എന്നിലേക്ക് ഇറക്കാൻ തുടങ്ങിയത് കൃത്യം ഹിജ്റ 1290ൽ ആണ്. ഇത് അല്ലാഹുവിന്റെ തനതായതും, അവന്റെ മഹോന്നതമായ ദൃഷ്ടാന്തങ്ങളിൽ ഒന്നുമാണ്. (ഹഖീഖത്തുൽ വഹ്യ്)
2 അല്ലയോ ജനങ്ങളെ! ഞാൻ മുഹമ്മദീ മസീഹും, (Muhammadi Messiah) അഹ്മദീ മഹ്ദിയും(Ahmad Mahdi) ആകുന്നു.

   ഈ ഉദാഹരണങ്ങളിലൂടെ, 14-ാം നൂറ്റാണ്ടിന്റെ പ്രാധാന്യത്തെ എടുത്തുകാണിക്കുന്നതിനോടൊപ്പം ഹിജ്റ 15-ാം നൂറ്റാണ്ടിന്റെ പ്രാധാന്യത്തെയും ഞാൻ ബോധ്യപ്പെടുത്തുകയാണ്. പരിഷ്കരണത്തിന്റെയും നവീകരണത്തിന്റെയും ആവശ്യകത അങ്ങേയറ്റം വ്യക്തമായിരിക്കുന്നു.

അധാർമ്മികതയിലേക്ക് ആണ്ടുപോയിരിക്കുന്ന ലോകത്തിലേക്ക് ഒരെത്തിനോട്ടം നടത്തുമ്പോൾ, വാഗ്ദത്ത ചെയ്യപ്പട്ട ദൈവീക പരിഷ്കർത്താവിനെ അന്വേഷിക്കുവാനുള്ള ഒരു ഉൾപ്രേരണ നമ്മിലുളവാകും. ആദ്യത്തെ തവണ, അദ്ദേഹം വന്നു, അദ്ദേഹം ഇവിടെ ജീവിച്ചു. പിന്നെ ഇവിടം വിട്ടുപോയി. ഇപ്പോൾ രണ്ടാമത്, അദ്ദേഹം വന്നിരിക്കുന്നു. വാഗ്ദത്തമസീഹ് ആഗതനായി എന്ന് ഉറപ്പിക്കുന്നതിനു വേണ്ടി. അദ്ദേഹം ഇപ്പോൾ നിങ്ങളുടെ ഇടയിൽ ജീവിച്ചിരിക്കുകയും, (വാഗ്ദത്ത മസീഹ് അദ്ദേഹത്തിന്റെ ആത്യന്തിക ലക്ഷ്യസ്ഥാനമായ അല്ലാഹുവിന്റെ അരികിലേക്ക് മടങ്ങിയിരിക്കുന്നു) നമ്മുടെ പ്രിയങ്കരനായ മുഹമ്മദ് നബി (സ)യുടെയും മറ്റ് പ്രവാചകന്മാരുടെയും സത്യതയെ അരക്കിട്ടുറപ്പിക്കുകയും ചെയ്യുന്നു. ഇസ്ലാമിന്റെ അടിത്തറയായ വിശ്വാസമാകുന്ന അന്തഃസത്ത എന്ന മഹത്തായ പൈതൃക സ്വത്ത് കൈമാറിയാണ് മുഹമ്മദി നബി(സ)യും, ഹസ്രത്ത് മിർസാഗുലാം അഹ്മദ് (അ)യും, മുൻകടന്നുപോയ മറ്റു പ്രവാചകന്മാരും ഇവിടം വിട്ട് പോയത്. അതില്ലെങ്കിൽ മറ്റൊന്നും നാം നേടിയിട്ടില്ല. ആ അന്തഃസ്സത്ത പ്രത്യക്ഷനായിരിക്കുകയും, മറഞ്ഞിരിക്കുകയും ചെയ്യുന്ന ആകാശങ്ങളുടേയും ഭൂമിയുടേയും സ്രഷ്ടാവായ ഒരേയൊരു ദൈവത്തിലുള്ള വിശ്വാസമാണ്. അല്ലാഹു ഇസ്ലാമിനെ ഭൂമിയിൽ വ്യവസ്ഥപ്പെടുത്തുകയും, തന്റെ തെരെഞ്ഞെടുക്കപ്പെട്ട ദാസരിലൂടെ (ദൂതന്മാരിലൂടെ) അതിന്റെ നിലനില്പ് ഉറപ്പുവരുത്തുകയും ചെയ്യുന്ന, ഏകനായ അവൻ അല്ലാഹു തന്നെയാണ്.

ഭൂമിയിൽ ഇസ്ലാമിന്റെ ശക്തി, ആധിപത്യം, പുനഃസ്ഥാപിച്ചെടുക്കുന്നതിനായി ഇസ്ലാമിലെ അഹ്മദിയ്യാ സമൂഹം നൂറുവർഷങ്ങളിലേറെ പരിശ്രമിച്ചിട്ടുണ്ട്. വർഷങ്ങൾക്കിപ്പുറം, ആലസ്യം കടന്നുകയറുകയും, ഒരു രക്ഷകന്റെ (അല്ലാഹുവിന്റെ തെരഞ്ഞെടുക്കപ്പെട്ട ദൂതന്റെ) സാന്നിധ്യം അത്യാന്താപേക്ഷിതം ആയിവരികയും ചെയ്തപ്പോൾ, അല്ലാഹു തന്റെ തെരഞ്ഞെടുക്കപ്പെട്ട ദൂതനെ അവരുടെയിടയിൽ നിന്നു തന്നെ നിയോഗിക്കുകയും ചെയ്തു. ഈ നിയോഗം ഇസ്ലാമിന്റെ പ്രൗഢി പുനഃസ്ഥാപിക്കുക, വാഗ്ദത്ത മസീഹ് ഹസ്രത്ത് മിർസാഗുലാം അഹ്മദ് (അ)യുടെ, ആഗമനോദ്ദേശ്യവും അതിന്റെ

അന്തഃസ്സത്തയും ഭൂമിയിൽ അരക്കിട്ടുറപ്പിക്കുക എന്നിവ നേടിയെടുക്കുന്നതിനു വേണ്ടിയുള്ളതാകുന്നു.

വാഗ്ദത്ത മസീഹിന്റെ അനുയായികൾക്ക് മാർഗ്ഗഭ്രംശം സംഭവിച്ചപ്പോൾ, അവരുടെ കണ്ണുകൾ തുറപ്പിക്കുന്നതിനും, ആത്മീയമായി നിദ്രയിലാണ്ട അവരെ ഉണർത്തുന്നതിനും വേണ്ടി അല്ലാഹു എന്നെ അവരിലേക്ക് നിയോഗിച്ചു. അതുവഴി അവർ ഇസ്ലാമിന്റെ ശാക്തീകരണത്തിനും പുനഃസ്ഥാപനത്തിനും വേണ്ടിയുള്ള പ്രവർത്തനങ്ങളിൽ, ഈ നൂറ്റാണ്ടിലെ മസീഹിന്റെ കരങ്ങൾക്ക് ശക്തിപകരുവാനായി!

അല്ലാഹു നിങ്ങളുടെ വിശ്വാസത്തെ പുഷ്ടിപ്പെടുത്തുകയും, നിങ്ങളെ അനുഗ്രഹിയ്ക്കുകയും ചെയ്യുമാറാകട്ടെ. അല്ലാഹു യഥാർത്ഥ വിശ്വാസികളുടേയും, യഥാർത്ഥ സത്യാന്വേഷികളുടേയും ഹൃദയങ്ങളെ വിശാലമാക്കുകയും, വാഗ്ദത്തമസീഹ് ഹസ്രത്ത് മിർസാഗുലാം അഹ്മദ് (അ)യുടേയും, ഈ നൂറ്റാണ്ടിലെ വാഗ്ദത്ത മസീഹും, ഖലീഫത്തുല്ലാഹ്യുമായ അല്ലാഹുവിന്റെ ഈ വിനീത ദാസന്റെയും, ആഗമനോദ്ദേശത്തിലെ പരമസത്യത്തിന്റെ കാതൽ രുചിച്ചറിയാനുള്ള ഭാഗ്യം നല്കി അനുഗ്രഹിക്കുകയും ചെയ്യുമാറാകട്ടെ. വിശ്വാസത്തിന്റെ പേരിൽ പരീക്ഷണങ്ങൾ അനുഭവിയ്ക്കുന്നതിനും, അതിൽ നിന്നുള്ള സന്തോഷം ആസ്വദിക്കുന്നതിനും അല്ലാഹു നിങ്ങൾക്ക് തനതായ അവസരങ്ങൾ നല്കുകയും ചെയ്യുമാറാകട്ടെ.

ഇൻശാഹ് അല്ലാഹ് ആമീൻ.



*Translated By :*
*Mukarram R. Jamaludin Raother*
*Fauzia Jamal Zain & Fazil Jamal*
*Issued By :*
*Amir - Jamaat Ul Sahih Al Islam*
*South Zone - Kerala, India*
*E-mail : jamal.raother@gmail.com*
*Web : www.jamaat-ul-sahih-al-islam.com*
*Blog : www.sahih-al-islam.blogspot.in*